മൂവാറ്റുപുഴയിൽ കഞ്ചാവുമായി രണ്ട് ആസ്സാം സ്വദേശികൾ അറസ്റ്റിൽ. ആസ്സാം മൊറിഗാവ് ലഹോറിഹട്ട് ഡൈത്തുൽബാരി ഭാഗത്ത് ജാഹിറുൽ ഇസ്ലാം (21), മൊറിഗാവ് ദിനൻഖടി ജിയാജുൽ ഹഖ് (23) എന്നിവരെയാണ് മുവാറ്റുപുഴ പോലീസ് അറസ്റ്റ് ചെയ്തത്. മുവാറ്റുപുഴ കീച്ചേരിപടി ഭാഗത്ത് സൂര്യ കോംപ്ലക്സ് കെട്ടിടത്തിന് സമീപത്ത് വില്പനക്കായി എത്തിച്ച ഒന്നരകിലോയോളം വരുന്ന കഞ്ചാവാണ് ഇവരിൽ നിന്നും പിടികൂടിയത്.